ഹദീസ്

ടി.എം ഇസാം

# ഈമാൻ പുതുക്കികൊണ്ടേയിരിക്കുക

وَعَن ابْنُ عمر قَالَ: قَالَ رَسُول الله صَلَّى اللهُ عَلَيْهِ وَسَلَّم : إِنَّ هَذِهِ الْقُلُوبُ تَصْدَأُ كَمَا يَصْدَأُ الْحَدِيد إِذَا أَصَابَهُ الْمَاءُ. قِيلَ: يَا رَسُول الله وَمَا جَلَاؤُهَا ؟ قَالَ: كَثْرَةُ ذِكْرِ الْمَوْتِ وَتِلَاوَة الْقُرْآن.

**ഇബ്നു ഉമർ (റ) നിവേദനം ചെയ്യുന്നു: അല്ലാഹുവിന്റെ റസൂൽ പറഞ്ഞു: 'തീർച്ചയായും ഇരുമ്പിൽ വെള്ളം തട്ടുമ്പോൾ അത് തുരുമ്പെടുക്കുന്നതു പോലെ നിങ്ങളുടെ ഹൃദയങ്ങൾ തുരുമ്പെടുക്കും.' ഒരാൾ ചോദിച്ചു; 'എന്താണ് അതിന്റെ പരിഹാരം?' റസൂൽ മറുപടി പറഞ്ഞു: 'മരണസ്മരണ വർധിപ്പിക്കലും ഖുർആൻ പഠനവുമാണ് അതിന്റെ പരിഹാരം.'**

ഇസ്ലാമിക ജീവിതം മുന്നോട്ടു നയിക്കുന്ന ഏതൊരാളും അഭിമുഖീകരിക്കുന്ന മുഖ്യപ്രശ്നങ്ങളിൽ ഒന്നാണ് വിശ്വാസദൗർബല്യം. വിശ്വാസിയുടെ ഈമാൻ ദുർബലമാവുമ്പോൾ തിന്മയിൽനിന്ന് സ്വന്തം ഇഛയെ തടഞ്ഞുനിർത്താനുള്ള ശക്തി ക്ഷയിച്ചുപോവുകയും നന്മയിൽ മുന്നേറാനുള്ള കരുത്ത് നഷ്ടപ്പെടുകയും ചെയ്യുന്നു. അനന്തരം ഈമാനിന്റെ സുഗന്ധവും വെളിച്ചവും കെട്ടുപോകും. ചിലപ്പോൾ അത് വിശ്വാസിയെ നരകത്തീയിൽ എത്തിക്കാം.

വിശ്വാസദൗർബല്യം ഒരു രോഗമാണ്. സൂക്ഷ്മമായി പരിചരണം നൽകേണ്ട രോഗം. മേൽ ഉദ്ധരിച്ച ഹദീസിൽ ഈമാൻ തുരുമ്പിക്കാതിരിക്കാനുള്ള ചികിത്സ പഠിപ്പിക്കുകയാണ് അല്ലാഹുവിന്റെ ദൂതർ. സ്വഹാബികൾ, അതിന്റെ ചികിത്സ എന്ത് എന്ന് ചോദിച്ചപ്പോൾ മരണസ്മരണ വർധിപ്പിക്കലും ഖുർആൻ പഠിക്കലുമാണ് എന്ന് ഉത്തരം നൽകി. വിശുദ്ധ ഖുർആൻ പഠനവും പാരായണവും വിശ്വാസിയുടെ ഹൃദയത്തിന് എന്നും പുത്തനുണർവും ഉന്മേഷവും പ്രദാനം ചെയ്യുന്നു. അതുപോലെ മരണസ്മരണ, ചെയ്തുപോയ തിന്മകളിൽനിന്ന് മടങ്ങിവരാനുള്ള പ്രചോദനം നൽകുന്നു. അതുകൊണ്ടാണ് ഈമാൻ തുരുമ്പിക്കാതെ കാത്തുസൂക്ഷിക്കാൻ വിശുദ്ധ ഖുർആൻ പാരായണം ചെയ്യാനും മരണസ്മരണ നിലനിർത്താനും റസൂൽ പഠിപ്പിച്ചത്.

സ്വന്തം ഈമാനിനെ നിരന്തരം നവീകരിച്ചുകൊണ്ടേയിരിക്കുക എന്നത് വിശ്വാസികളുടെ വിശിഷ്ട ഗുണങ്ങളിൽ പെട്ടതാണ്. *അന്നിസാഇ*ലെ 137-ാം സൂക്തം തുടങ്ങുന്നത്, 'വിശ്വസിച്ചവരേ, നിങ്ങൾ വിശ്വസിക്കുക' എന്ന് ആഹ്വാനം ചെയ്തുകൊണ്ടാണ്. ഈമാൻ എന്നാൽ നിരന്തരം പുതുക്കിക്കൊണ്ടേയിരിക്കേണ്ട ഒന്നാണെന്ന് ഈ സൂക്തം പഠിപ്പിക്കുന്നു. അങ്ങനെ ഈമാൻ പുതുക്കുന്നതിൽ ഉത്കൃഷ്ട മാതൃകകൾ ആയിരുന്നു റസൂലിന്റെ അനുചരന്മാർ. ഹദീസുകളിൽ വന്നതു പ്രകാരം പരസ്പരം കണ്ടുമുട്ടുമ്പോൾ 'വരൂ... നമുക്ക് നമ്മുടെ രക്ഷിതാവിനെ കുറിച്ച് സംസാരിച്ച്, ഈമാൻ പുതുക്കാം' എന്ന് പറയുന്നവരുണ്ടായിരുന്നു സ്വഹാബികളുടെ കൂട്ടത്തിൽ.

മറ്റൊരു ഹദീസിൽ ഉദാഹരണസഹിതം റസൂൽ പഠിപ്പിക്കുന്നു: 'തീർച്ചയായും, വസ്ത്രം നുരുമ്പുന്നതു പോലെ നിങ്ങളുടെ ഈമാൻ നുരുമ്പും. അതുകൊണ്ട് നിങ്ങളുടെ ഹൃദയത്തിലുള്ള വിശ്വാസം പുതുക്കിത്തരണമേ എന്ന് അല്ലാഹുവിനോട് നിങ്ങൾ തേടുക.' ഈമാൻ ദുർബലമായിപ്പോകുന്ന അവസ്ഥയെ നുരുമ്പിപ്പോകുന്ന വസ്ത്രവുമായിട്ടാണ് റസൂൽ ഉപമിച്ചത്. അതുകൊണ്ട് ഈമാൻ പുതുക്കാനും അതിനുവേണ്ടി അല്ലാഹുവിനോട് തേടാനും റസൂൽ പഠിപ്പിക്കുന്നു. ഈമാൻ കുറയുകയും കൂടുകയും ചെയ്യുന്ന അവസ്ഥകളെ ഒരു യാഥാർഥ്യമായി കൂടി റസൂൽ (സ) അവതരിപ്പിക്കുന്നു; 'ഈമാൻ കുറയുകയും കൂടുകയും ചെയ്യും.'

അതേസമയം ഖുർആൻ പാരായണം, മരണസ്മരണ, ദുആ, ഇഹ്തിസാബ് തുടങ്ങിയവയിലൂടെ ഈമാൻ പുതുക്കാത്ത പക്ഷം മേൽ സൂചിപ്പിച്ച ഹദീസിൽ പഠിപ്പിക്കുമാറ് വിശ്വാസിയുടെ ഹൃദയത്തിലെ ഈമാൻ തുരുമ്പെടുക്കും. അനന്തരം തിന്മയുടെ വാഹകനായി മാറും. ഒരു തിന്മയിൽനിന്ന് മറ്റൊന്നിലേക്ക്, അങ്ങനെ തിന്മയുടെ വലിയ ആഴങ്ങളിലേക്ക് വിശ്വസിയെ പിശാച് കൊണ്ടെത്തിക്കും. അവന്റെ ഹൃദയത്തിൽ കറുത്ത പുള്ളിക്കുത്തുകൾ വ്യാപിക്കും. ഈയൊരു അവസ്ഥയെയാണ് വിശുദ്ധ ഖുർആൻ 'വിദൂര വഴികേട്' എന്ന് വിശേഷിപ്പിക്കുന്നത്. അത്തരം ആളുകളെ വിശുദ്ധ ഖുർആൻ ശക്തമായ ഭാഷയിലാണ് താക്കീത് ചെയ്യുന്നത്. അത്തരക്കാർ അക്രമികളാണെന്നും അവരെ അല്ലാഹു ഒരിക്കലും നേർവഴിയിലാക്കുകയില്ല എന്നും പറയുന്നു: 'സത്യവിശ്വാസം സ്വീകരിച്ച ശേഷം വീണ്ടും സത്യനിഷേധികളായ ജനതയെ അല്ലാഹു എങ്ങനെ നേർവഴിയിലാക്കും? ദൈവദൂതൻ സത്യവാനാണെന്ന് സ്വയം സാക്ഷ്യം വഹിച്ചവരാണിവർ. അവർക്ക് വ്യക്തമായ തെളിവുകൾ വന്നെത്തിയിട്ടുണ്ട്. അക്രമികളായ ആ ജനവിഭാഗത്തെ അല്ലാഹു നേർവഴിയിലാക്കുകയില്ല.'